ഭരണഭാഷ-മാതൃഭാഷ

150 YEARS OF CELEBRATING THE MAHATMA


അച്ചടി വകുപ്പ് ഡയറക്ടറുടെ കാര്യാലയം
ഗവൺമെന്റ് സെൻട്രൽ പ്രസ്സ്
തിരുവനന്തപുരം -695 001
ഫോൺ { ഓഫീസ് : 0471-2331458
ഫാക്സ് : 0471-2336042
ഇ-മെയിൽ : directorprinting@yahoo.com


നമ്പർ. 5981/2020/ഇ 1/ഡിപി

തീയതി. 08.06.2020

## പരിപത്രം

വിഷയം:- അച്ചടി വകുപ്പ്, തിരുവനന്തപുരം - ജീവനക്കാര്യം - കോവിഡ് 19 വ്യാപനം തടയുന്നതിനുള്ള പ്രതിരോധ പ്രവർത്തനങ്ങൾ - സംസ്ഥാന സർക്കാർ ഓഫീസുകൾ പ്രവർത്തിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്ക്കരിച്ചത് - കർശനമായി പാലിക്കുന്നത് - സംബന്ധിച്ച്.

സൂചന:-

1. പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പിന്റെ 05/06/2020 ലെ ജി.ഒ. (ആർ.റ്റി) 1762/2020/ജി.എ.ഡി. നമ്പർ സർക്കാർ ഉത്തരവ്.
2. പൊതുഭരണ (രഹസ്യ വിഭാഗം) വകുപ്പിന്റെ 07/06/2020 ലെ സ.ഉ. (കൈ) നം. 112/2020/പൊ.ഭ.വ നമ്പർ ഉത്തരവ്.

സംസ്ഥാനത്ത് കോവിഡ് 19 നിർവ്യാപന/പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഓഫീസുകളുടെയും സ്ഥാപനങ്ങളുടെയും പ്രവർത്തനം സംബന്ധിച്ച് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ സർക്കാർ ഉത്തരവുകളും സർക്കുലറുകളും പരിഷ്ക്കരിച്ചു കൊണ്ട് സൂചന (1), (2) എന്നിവ പ്രകാരം സർക്കാർ പുതിയ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകളുടെ പകർപ്പ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുണ്ട്. അതിനനുസൃതമായി ചുവടെ പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ കൂടി അച്ചടി വകുപ്പിൽ കർശനമായി പാലിക്കേണ്ടതാണ്.

1. സംസ്ഥാനത്ത് ഹോട്ട്സ്പോട്ട്/കണ്ടെയ്ൻമെന്റ് സോണുകൾ ഒഴികെയുള്ള പ്രദേശങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ പ്രസ്സുകളും ഫാറം ഓഫീസുകളും പൂർണ്ണമായും തുറന്ന് പ്രവർത്തിക്കേണ്ടതും ജോലിക്ക് എല്ലാ ജീവനക്കാരും എല്ലാ പ്രവൃത്തി ദിവസങ്ങളിലും ഹാജരാകേണ്ടതുമാണ്.
2. അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക് 2020 ജൂൺ 1 മുതൽ മുൻകാലങ്ങളിൽ നിലനിന്നിരുന്ന തരത്തിൽ ഔട്ടേൺ ബാധകമായിരി -ക്കുന്നതാണ്. ഇതിനായുള്ള ക്രമീകരണങ്ങൾ അതത് ശാഖാകാര്യാലയ മേധാവികൾ ചെയ്യേണ്ടതാണ്.
3. അച്ചടി വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർ മുൻകാലങ്ങളിൽ നിലനിന്നിരുന്ന ഷിഫ്റ്റ് അടിസ്ഥാനത്തിലുള്ള സമയക്രമം പാലിച്ച് ജോലിക്ക് ഹാജരാകേണ്ടതാണ്.
4. കോവിഡ്-19 പ്രതിരോധത്തിന്റെ ഭാഗമായി Break The Chain ക്യാമ്പയിൻ പരിപാടിയുടെ നടപടിക്രമം എല്ലാ കാര്യാലയങ്ങളിലും കൃത്യമായി പാലിക്കേണ്ടതാണ്.

അച്ചടി വകുപ്പ് ഡയറക്ടർ

......2

പകർപ്പ്:- എല്ലാ ശാഖാകാര്യാലയ മേധാവികൾക്കും./അച്ചടി വകുപ്പ് ഡയറക്ടറുടെ സിഎ./
ഗവ.പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ./ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ./
സീനിയർ സൂപ്രണ്ട്./സെക്യൂരിറ്റി ഓഫീസർ, ഗവ. സെൻട്രൽ പ്രസ്സ്.
ചീഫ് ടൈം കീപ്പർ./സെക്ഷൻ മേധാവികൾ./നോട്ടീസ് ബോർഡ്.
ഫയൽ./കരുതൽ ഫയൽ

ജെ.എസ്